**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഫ്ലോട്ടിംഗ് സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കാൻ NHPC ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>കേരള സർക്കാർ, ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രാഥമിക പഠനങ്ങൾ നടത്തുന്നതിനായി അനെർട്ടിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ ആദ്യ ഭാഗമായി വേൾഡ് ബാങ്ക് സഹായത്തോടെ സംസ്ഥാനത്തുള്ള 42 ഡാം റിസർവോയറുകളിൽ ഭൂമിശാസ്ത്രപരമായ പഠനങ്ങളും വിശദമായ പഠനറിപ്പോർട്ടും തയ്യാറാക്കി വരുന്നു. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതുകൂടി കണക്കിലെടുത്ത് ദർഘാസ് ക്ഷണിച്ച് കേരളത്തിലെ ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ